Page 1 of 1

## അമ്പലപ്പുഴ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

**185 (877)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ നാളിതുവരെ ജലവിഭവ വകുപ്പ് എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഭൂജല വകുപ്പിന്റെ കീഴിൽ പുറക്കാട് ഗ്രാമപഞ്ചായത്ത്, തോപ്പിൽ കോളനിയിൽ കുടിവെള്ള പദ്ധതിക്ക് 14,01,221 രൂപയുടെ ഭരണാനുമതി നൽകുകയും ഈ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾവഴി ജലവിഭവ വകുപ്പ് ഭരണാനുമതി നൽകി നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ തുകയും ഇപ്പോഴത്തെ അവസ്ഥയും യഥാക്രമം അനുബന്ധം I അനുബന്ധം II എന്നിവയായി ചേർത്തിരിക്കുന്നു.*

## എടവനക്കാട് ശുദ്ധജലവിതരണ പദ്ധതി

**186 (878)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ, ഫിഷറീസ് ഫണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണം നടന്നുവരുന്ന എടവനക്കാട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly